തൊണു ശൈലി.

# മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി: ലഭിച്ചത് 6691 പരാതികൾ

തിരുവനന്തപുരം: ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ 10നു നടക്കുന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പരിഗണിക്കുന്നതിന് ഇതുവരെ 6691 പരാതികൾ ലഭിച്ചു.

ഇവയിൽ 6297 എണ്ണം തിരുവനന്തപുരം, നെടുമങ്ങാട്, ചിറയിൻകീഴ്, നെയ്യാറ്റിൻകര താലൂക്ക് ഓഫിസുകളിൽ നിന്നു ലഭിച്ചവയാണ്.

ബിപിഎൽ കാർഡുകൾക്കായി ജില്ലയിൽ 17,000 അപേക്ഷകളാണു കെട്ടിക്കിടക്കുന്നത്.

ഇവയുടെ അംഗീകാരത്തിനു മുഖ്യമന്ത്രി കേന്ദ്ര പ്ലാനിങ് കമ്മിഷനെ സമീപിച്ചു കഴിഞ്ഞതായി മന്ത്രി വി.എസ്. ശിവകുമാർ പരിപാടിയുടെ ആലോചനായോഗത്തിൽ അറിയിച്ചു.

പൂന്തുറ പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടങ്ങളനുഭവിക്കേണ്ടിവന്ന 32 കുടുംബങ്ങൾക്ക് ഉടൻ സഹായധനം നൽകും.

ജില്ലയിലെ കൃഷി നാശത്തിന് ഏറ്റവും മുന്തിയ പരിഗണന നൽകി പരിഹാരം കാണണമെന്നു യോഗത്തിൽ പ്രസംഗിച്ച പാലോട് രവി എംഎൽഎ ആവശ്യപ്പെട്ടു.